## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6174 — 04.07.2019-ൽ മറുപടിയ്ക്ക്

### ചെല്ലാനം മത്സ്യബന്ധന തുറമുഖ വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് : | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വിശദമാക്കാമോ; | (എ) | ചെല്ലാനം മത്സ്യബന്ധനതുറമുഖം പൂർത്തീകരിക്കുന്നതിന് 171.30 ആർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുവാൻ 04.06.2012 തീയതിലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ചില സ്ഥലമുടമകൾ സർക്കാർ നിശ്ചയിച്ച നിരക്കിൽ ഭൂമി വിട്ടുതരാത്തതുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പുതിയ അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 31.01.2018 ലെ സ.ഉ.(സാധാ)നം.72/18/മതുവ ഉത്തരവ് പ്രകാരം 13 കോടി രൂപയുടെ ഭരണാനുമതി നൽകി. 141.911 ആർ സ്ഥലമാണ് ഏറ്റെടുക്കുവാനുള്ളത്. ടി സ്ഥലം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് RR Package-ൽ ഉൾപ്പെടുത്തി നൽകിയ അപേക്ഷയ്ക്ക് Land Revenue Commissioner അനുമതി നൽകി. ഇതുവരെ 80.46 ആർ സ്ഥലം റവന്യൂവകുപ്പിൽ നിന്നും കൈമാറി ലഭിച്ചിട്ടുണ്ട്. ബാക്കി സ്ഥലത്തിന്റെ ഡോക്യുമെന്റ് സമർപ്പിക്കാത്തതിനാൽ ഉടമകൾക്ക് നോട്ടീസ് നൽകി ഏറ്റെടുക്കൽ നടപടി പൂർത്തികരിക്കാൻ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ചെയ്യേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നോട്ടീസ് കൈപ്പറ്റിയിട്ടുള്ള സ്ഥലമുടമകൾ ഡോക്യുമെന്റ്സ് റവന്യൂ വകുപ്പിന് കൈമാറേണ്ടതുണ്ട്. ഡോക്യുമെന്റ്സ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂവകുപ്പ് സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സ്ഥലമുടമകളിൽ നിന്ന് ഡോക്യുമെന്റ്സ് ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ